


# പ്രകാശമാകുന്ന ഈശോ

ബ്ര. മാത്യു കുരിശുമൂട്ടിൽ MCBS

Vol. 11, Issue: 46

**ഈ**ശോയിൽ ഏറ്റവുമധികം സ്നേഹിക്കപ്പെടുന്ന സഹോദരങ്ങളേ,

ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രത്യേകമായിട്ടുള്ള അവസരമായിട്ടാണ് തിരുസഭാമാതാവ് നോമ്പുകാലത്തെ വിശേഷിപ്പിക്കുക. വേദപുസ്തകത്തിന്റെ ഭാഷയിൽ ഉപവാസം എന്നാൽ, അടുത്തു വസിക്കുക എന്നാണ് അർത്ഥമാക്കുന്നത്. തിരുവചനത്തിന്റെ അടുത്തു വസിക്കേണ്ട കാലമാണ് നോമ്പുകാലം. തിരുവചന വിചിന്തനത്തിലൂടെ യേശു-അനുഭവം സ്വീകരിച്ച് ജീവിതപരിവർത്തനം നേടുവാനാണ് നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുക. നെറ്റിയിൽ ചാരം പൂശി മനുഷ്യന്റെ ബലഹീനതയെ ഏറ്റുപറഞ്ഞുകൊണ്ട് ദൈവത്തിന് നന്ദി പറയേണ്ട ഒരു സമയമാണിത്.

നോമ്പുകാലം അഞ്ചാം ഞായറാഴ്ചയിൽ നാം എത്തിനിൽക്കുമ്പോൾ ഇന്നത്തെ തിരുവചനത്തിലൂടെ ക്രിസ്തു നമ്മുടെ വിചിന്തനത്തിനായി നൽകുന്ന തിരുവചനഭാഗമാണ് "ഞാൻ ലോകത്തിന്റെ പ്രകാശമാണ്; എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല." അവിടുന്ന് വീണ്ടും പറയുന്നു: "ഞാൻ ജീവന്റെ അരുവിയാണ്. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്നിൽ നിന്ന് കുടിക്കട്ടെ." പ്രകാശമായ ക്രിസ്തുവിനെപ്പോലെ അവിടുത്തെ ശിഷ്യരായ നാമെല്ലാവരും പ്രകാശത്തിന്റെയും ജീവജലത്തിന്റെയും ഉറവിടമായിത്തീരണമെന്നാണ് ക്രിസ്തു പഠിപ്പിക്കുക.

ജലവും പ്രകാശവും ഈ ഭൂമിയുടെ ഏറ്റവും അത്യാവശ്യമായ രണ്ടു ഘടകങ്ങളാണ്. ഭൗതികമായി നോക്കുമ്പോൾ ജലമില്ലാത്ത ഭൂമി മരുഭൂമിയും പ്രകാശമില്ലാത്ത ഇടം അന്ധകാരവുമാണ്. ഏറ്റവും ചെറിയ ജീവജാലം മുതൽ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ വരെ ഭൂമിയിൽ വസിക്കുക ജലത്തിന്റെയും പ്രകാശത്തിന്റെയും സാന്നിദ്ധ്യം കൊണ്ടാണ്. ഭൗതികലോകത്തിന് ജലവും പ്രകാശവും ആവശ്യമായിരിക്കുന്നതുപോലെ തന്നെ നമ്മുടെ ആത്മീയജീവിതങ്ങൾക്കും ജലമാകുന്ന പരിശുദ്ധാത്മാവും പ്രകാശമാകുന്ന ക്രിസ്തുവും വളരെ പ്രധാനപ്പെട്ടതാണ്. പരിശുദ്ധാത്മാവാകുന്ന ജീവജലം നമ്മിലേയ്ക്ക്

ഒഴുകുവാനായി അനുവദിക്കുമ്പോൾ അവിടുത്തെ ദാനങ്ങളും ഫലങ്ങളും നമ്മിൽ വിതയ്ക്കപ്പെടുകയും നീതിസൂര്യനായ യേശുവിന്റെ ചൂടിലും പ്രകാശത്തിലും അവ സമൃദ്ധമായി വളരുകയും ചെയ്യുന്നു.

ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്ന് ക്രിസ്തു പറയുമ്പോൾ അത് സ്വന്തം ജീവിതത്തെ സാക്ഷി നിർത്തിക്കൊണ്ട് അനേകരുടെ ജീവിതത്തിൽ വിളങ്ങി പ്രശോഭിക്കുന്ന ഒരു മാർഗ്ഗദീപമായി മാറുവാൻ ക്രിസ്തുവിനു കഴിഞ്ഞു. യേശു ലോകത്തിന്റെ പ്രകാശമാണ് എന്ന് യോഹന്നാൻ ശ്ലീഹാ ആവർത്തിച്ചു പറയുമ്പോൾ നാം നമ്മുടെ ഉള്ളിൽ ഒരു ചോദ്യം ഉന്നയിച്ചിരിക്കും... എങ്ങനെയാണ് ക്രിസ്തു ലോകത്തിന്റെ പ്രകാശമായത്? അവൻ പറഞ്ഞവ മാത്രം ജീവിക്കുകയും ജീവിച്ചവ മാത്രം പ്രഘോഷിക്കുകയും ചെയ്തു. സ്നേഹിതനു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്നു പഠിപ്പിച്ച ക്രിസ്തു കാൽവരിയിൽ അനേകർക്കുവേണ്ടി ജീവൻ നൽകി ലോകത്തിന്റെ പ്രകാശമായി. വിശക്കുന്നവന്റെ മുമ്പിൽ അപ്പം വച്ചുനീട്ടാൻ പഠിപ്പിച്ചവൻ തന്റെ ശരീരവും രക്തവും അപ്പമായി നൽകി ലോകത്തിന്റെ പ്രകാശമായി. ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കാനാണ് വന്നതെന്നു പഠിപ്പിച്ച ക്രിസ്തു പെസഹാതിരുനാളിൽ ശിഷ്യരുടെ പാദങ്ങൾ കഴുകി എളിമയുടെ ഒരു നല്ല മാതൃക കാട്ടി ലോകത്തിന്റെ മുഴുവൻ പ്രകാശമായി. തീർച്ചയായും ക്രിസ്തുവിൽ വിശ്വസിച്ചവർക്ക് അവിടുന്ന് ലോകം മുഴുവനും നിറഞ്ഞുനിൽക്കുന്ന പ്രകാശമാണ്.

ഉൽപത്തി പുസ്തകം 16-ാം അദ്ധ്യായത്തിൽ നാം വായിച്ചുകേട്ടതുപോലെ, തന്റെ ജീവിതത്തിലെ സകല പ്രതീക്ഷകളും നഷ്ടപ്പെട്ട് ജലശൂന്യമായ മരുഭൂമിയിലേയ്ക്ക് പോകുന്ന ഹാഗാറിന്റെ മുമ്പിൽ പ്രകാശമായി കടന്നുവരുന്ന ദൈവത്തെ നാം കാണുന്നുണ്ട്. ജീവിതത്തിലെ സകല പ്രതീക്ഷകളും നഷ്ടപ്പെട്ടു എന്ന് വിചാരിക്കുന്നിടത്ത് പ്രത്യാശയുടെ വെളിച്ചമായി ദൈവം കടന്നുവരുന്നു. ഹാഗാറിനെപ്പോലെ നമ്മുടെ ജീവിതവും പ്രകാശപൂരിതമാക്കുവാൻ പ്രത്യാശയുടെ വെളിച്ചവുമായി ദൈവം നമുക്കു മുമ്പിൽ കാത്തിരിപ്പുണ്ട്. അതിനായി നാം ചെയ്യേണ്ടത് ക്രിസ്തുവിന്റെ പക്കലേയ്ക്ക് ഓടിവരാനുള്ള മനസ്സ് സ്വന്തമാക്കുക എന്നുള്ളതാണ്. മനുഷ്യരായ നമ്മുടെ ദാഹങ്ങൾ വ്യത്യസ്തങ്ങളാണ്. ഭൗതികമായ ദാഹത്തോടൊപ്പം ഒഴിച്ചുകൂടാനാവാത്ത ആത്മീയദാഹങ്ങളും നമുക്കുണ്ട്. സ്നേഹം, സമാധാനം, നീതി, ആശ്വാസം ഇവയ്ക്കൊക്കെ വേണ്ടിയുള്ള ദാഹം നമ്മിലുണ്ട്. വി. ഫ്രാൻസിസ് അസീസ്സിയെപ്പോലെ എല്ലാ ദാഹങ്ങളും തീർക്കാൻ കഴിവുള്ളവൻ ഈശോയാണെന്ന് തിരിച്ചറിഞ്ഞവർ വളരെ വിരളമാണ്. അതുകൊണ്ടാണ് വചനം അടിവരയിട്ടു പറയുക, "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ."

അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട വ്യക്തിയാണ് തത്വചിന്തകനായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ. അദ്ദേഹത്തിന്റെ വീടിനു മുമ്പിൽ കല്ലും കുഴികളും നിറഞ്ഞ ഒരു ഊടുവഴി ഉണ്ടായിരുന്നു. രാത്രിയിൽ ആ വഴി കടന്നുപോകുന്ന പലരും ഏറെ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. അദ്ദേഹം ഒരു റാന്തൽ വിളക്ക് തെളിച്ച് വീടിനു മുന്നിലുള്ള മരത്തിൽ തൂക്കിയിട്ടു. ആളുകൾ സന്തോഷത്തോടെ യാത്ര ചെയ്തു. പലരും വന്ന് അദ്ദേഹത്തിന് നന്ദി പറഞ്ഞു. ഇതിൽ നിന്നാണ് പിൽക്കാലത്ത് ലോകത്ത് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ആരംഭം. ക്രിസ്തുവാകുന്ന പ്രകാശം ഉള്ളിൽ തെളിച്ചുകിട്ടിയവർ, അത് തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളിൽ പ്രകാശിപ്പിക്കാൻ ആരംഭിക്കുന്നു.

ലോകത്തെ പ്രകാശിപ്പിക്കുന്ന പരിശുദ്ധ കുർബാനയുടെ മുമ്പിൽ നിൽക്കുന്ന ഈ വേളയിൽ മറ്റൊരു ക്രിസ്തുവായി എന്നെയും മാറ്റണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.